(ഡി&ഇ) സംസ്ഥാനത്തിന് പുറത്തേക്ക് അതിർത്തി ജില്ലകളുടെ ചില ഭാഗത്തുനിന്ന് കേരള ലോട്ടറി അനധികൃതമായി കടത്തിവിൽപ്പന നടത്തുന്നതായി വിവിധ ലോട്ടറി സംഘടനകൾ ആക്ഷേപം ഉന്നയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് മാഫിയകൾ ലോട്ടറിയെ ദുരുപയോഗം ചെയ്യുന്ന തരത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റനമ്പർ ലോട്ടറികൾ, എഴുത്ത് ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ തുടങ്ങിയ ലോട്ടറി ദുരുപയോഗപ്രവണതകൾ ഫലപ്രദമായി തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ എ.ഡി.ജി.പി. (ഇന്റലിജൻസ്) തലവനായും ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് സംസ്ഥാനത്താകെ നിയമവിരുദ്ധ ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെയും ലോട്ടറി ചൂതാട്ടം പോലുള്ള പ്രവണതകൾക്കെതിരെയും അന്യസംസ്ഥാനങ്ങളിലേയ്ക്ക് ലോട്ടറി കടത്തുന്നതിനെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇത്തരത്തിലുള്ള 78 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലോട്ടറി വകുപ്പിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയവും പരിഗണനയിലാണ്. നിയമവിരുദ്ധ ലോട്ടറിയുടെ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി 2014-ലെ കേരള ധനകാര്യ ബിൽ പ്രകാരം അന്യസംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിൽ വിൽപ്പനനാനുമതി ലഭിക്കുന്നതിനായി ഓരോ പ്രൊമോട്ടറും കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം, ചട്ടം എന്നിവ പാലിക്കുന്നത് സംബന്ധിച്ച് ഭാഗ്യക്കുറി ഡയറക്ടർ നൽകുന്ന നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റു കൂടി സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പാസഞ്ചർ വാഹനങ്ങളിലൂടെയും ട്രെയിൻ വഴിയുമുള്ള അനധികൃത ചരക്ക് കടത്ത്

5 (*605) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇത് കണ്ടെത്തി സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇതിനെതിരെ കർശന നടപടി എടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) പാസഞ്ചർ വാഹനങ്ങളിൽ സാധനങ്ങൾ കടത്തുന്നത് മോട്ടോർ വാഹന ചട്ടങ്ങളുടെ ലംഘനമാണ്. സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങൾവഴി അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയുന്നതിനുവേണ്ടി അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ വരുന്ന പാസഞ്ചർ വാഹനങ്ങളെ കർശന പരിശോധനയ്ക്ക് വിധേയമാക്കാൻ ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രെയിനുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും രേഖകളില്ലാതെ വരുന്ന സാധനങ്ങൾ പിടിച്ചെടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാഴ്സൽ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്. ട്രെയിനുകളിൽ നികുതിവെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് കണ്ടെത്തി നടപടി എടുക്കുന്നതിനായി പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പാഴ്സൽ ഓഫീസിനുസമീപം സംസ്ഥാന വാണിജ്യനികുതി വകുപ്പിന്റെ സ്ഥിരമായുള്ള ബൂത്തുകൾ റെയിൽവേയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നുണ്ട്. ട്രെയിൻവഴി ചരക്ക് കടത്തുന്നവർ ഓൺലൈനായി ചരക്കുകളുടെ വിശദാംശങ്ങൾ ഡിക്ലയർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും സാധനങ്ങൾ കടത്തുന്നവർക്കെതിരെ കേരള വാണിജ്യ നികുതി നിയമം അനുശാസിക്കുന്ന ജാമ്യത്തുക, പിഴ എന്നിവ ഈടാക്കുവാൻ സംവിധാനം നിലവിലുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ് നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇതിനെതിരെ നടപടികൾ എടുക്കാൻ വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പ്രാപ്തമാണ്. സംസ്ഥാനത്ത് ഇപ്പോൾ 75 ഇന്റലിജൻസ് സ്ക്വാഡുകളും 81 ചെക്ക് പോസ്റ്റുകളും ഇതിനെതിരെ നടപടികൾ എടുത്തുവരുന്നു. അതിനാൽ ഇത്തരം നികുതി വെട്ടിപ്പ് നിയന്ത്രിക്കുവാൻ വകുപ്പ് സജ്ജമാണ്.

(ഡി) അതിർത്തി കടന്നുവരുന്ന പാസഞ്ചർ വാണിജ്യ വാഹനങ്ങൾ എന്നിവ കർശന പരിശോധനയ്ക്ക് വിധേയമാക്കുവാൻ ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കള്ളക്കടത്ത് സാധനങ്ങൾ പിടികൂടുന്ന അവസരത്തിൽ നിയമം 47(2) അനുശാസിക്കുന്ന നോട്ടീസ് നൽകി ജാമ്യത്തുക, പിഴ എന്നിവ ഈടാക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളും സ്പെഷ്യൽ സ്ക്വാഡുകളും മറ്റും നിരന്തരമായി പരിശോധന നടത്തുന്നു.